പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41

29.1.2019 -ൽ മറുപടിയ്ക്ക്

# കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. എൽദോ എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ശബരിമല യുവതീ പ്രവേശ വിഷയവുമായി ബന്ധപ്പെട്ട് ചില സംഘടനകൾ നടത്തുന്ന അക്രമങ്ങളും കലാപങ്ങളും കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകളെയും വിദേശ രാജ്യങ്ങളിൽ കേരളത്തെക്കുറിച്ചുള്ള പ്രതിച്ഛായയെയും ദോഷകരമായി ബാധിക്കുന്നുവോ; വ്യക്തമാക്കാമോ; | എ) | ശബരിമല യുവതീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ട് ചില സംഘടനകൾ നടത്തിയ ഹർത്താലുകളും അക്രമങ്ങളും അനിഷ്ട സംഭവങ്ങളും കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകളെയും വിദേശ രാജ്യങ്ങളിൽ കേരളത്തെക്കുറിച്ചുള്ള പ്രതിച്ഛായയെയും ബാധിച്ചുവെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. |
| ബി) | യുവതീ പ്രവേശവുമായി ബന്ധപ്പെട്ട് വ്യാപകമായ അക്രമങ്ങൾ അരങ്ങേറുന്ന കാരണത്താൽ ഏതെങ്കിലും വിദേശരാജ്യങ്ങൾ അവരുടെ പൗരൻമാരെ മടക്കി വിളിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | ബി) | യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് വ്യാപകമായ അക്രമങ്ങൾ അരങ്ങേറുന്ന കാരണത്താൽ വിദേശരാജ്യങ്ങൾ അവരുടെ പൗരൻമാരെ മടക്കി വിളിക്കുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ശബരിമല യുവതീ പ്രവേശവുമായി ബന്ധപ്പെട്ടുണ്ടായ കലാപം മൂലം ടൂറിസം സീസണിലുണ്ടായ വിദേശ വിനോദസഞ്ചാരികളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | സി) | വിനോദസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച 2018 നവംബർ വരെയുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം ഒക്ടോബർ- നവംബർ മാസങ്ങളിൽ കേരളം സന്ദർശിച്ച വിദേശവിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് ഉണ്ടായ അനിഷ്ട |

| | | | |
|---|---|---|---|
| | | | സംഭവങ്ങളുടെയും ഹർത്താലുകളുടെയും ഭാഗമായി സംസ്ഥാനത്ത് ഉണ്ടായ പ്രശ്നങ്ങൾ വിദേശ വിനോദസഞ്ചാരികളെയും ബാധിച്ചിട്ടുണ്ടാകാം എന്നത് വസ്തുതയാണ്. ഇത്തരത്തിൽ ടൂറിസം രംഗത്ത് എന്തെങ്കിലും കുറവ് ഉണ്ടാകുന്ന പക്ഷം അത് പരിഹരിക്കുന്നതിന് ഉതകുന്ന ക്യാമ്പയിനുകളാണ് വകുപ്പ് ഇപ്പോഴും നടത്തിവരുന്നത്. പ്രളയാനന്തര കേരള ടൂറിസത്തെ മടക്കിക്കൊണ്ടുവരാൻ സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയായ "Post Flood Campaign-It's Time for Kerala" യുടെ തുടർച്ചയായാണ് പരസ്യ പ്രചരണം നടത്തിവരുന്നത്. രാജ്യത്തെ പ്രമുഖ സിനിമ ഹാളുകളിലും, എയർപോർട്ടുകളിലും, ടി.വി., റേഡിയോ, പ്രിന്റ് മാധ്യമങ്ങളിലും വകുപ്പ് പ്രചരണം നടത്തിക്കഴിഞ്ഞു. വിദേശങ്ങളിലും മറ്റും സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിലും പാർട്ണർഷിപ്പ് മീറ്റുകളിലും ഇത്തരുണത്തിൽ മികച്ച ഒരു പ്രചരണം സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. മാത്രമല്ല ജനുവരി-മാർച്ച് മാസങ്ങളിൽ സംഘടിപ്പിക്കുന്ന ക്യാമ്പയിനുകളിലൂടെ അടുത്തിടെയുണ്ടായ ഹർത്താലുകളും അനിഷ്ട സംഭവങ്ങളും കാരണം വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വന്ന കുറവ് പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) | ലോകത്തിലെ ഏറ്റവും സമാധാന അന്തരീക്ഷം നിലനിന്നിരുന്ന സ്ഥലമായ കേരളത്തെ പ്രസ്തുത പ്രതിച്ഛായയിലേക്ക് മടക്കികൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) | ഏറ്റവും സമാധാനമായ അന്തരീക്ഷമാണ് കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നത്. എന്നാൽ, വിവിധ കാരണങ്ങളാൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ പ്രവർത്തനം പ്രതിസന്ധികൾ നേരിടുന്നുണ്ട്. അത്തരം സാഹചര്യങ്ങളെ അതിജീവിച്ച് വിനോദസഞ്ചാര മേഖലയുടെ പ്രതിച്ഛായ മടക്കി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയാനന്തര ക്യാമ്പയിനുകൾ (സിനിമ, ടി.വി., റേഡിയോ, പ്രിന്റ്, എയർപോർട്ട്) വഴി ഇക്കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | മികച്ച മുന്നേറ്റമുണ്ടാക്കുവാൻ കഴിഞ്ഞു. വരും മാസങ്ങളിൽ നടത്തുന്ന നാഷണൽ പ്രിന്റ് ക്യാമ്പയിൻ (എയർപോർട്ട്, സിനിമ ഹാൾ), യൂറോപ്പ് ടി.വി. കാമ്പയിനുകൾ, നാഷണൽ ക്യാമ്പയിനുകൾ, യൂറോപ്പിലെ ജർമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ് രാജ്യങ്ങളിലെ എയർപോർട്ട്. മാൾ ക്യാമ്പയിനുകൾ, അമേരിക്കൻ ക്യാമ്പയിനുകൾ എന്നിവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതുവഴി കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ പ്രതിച്ഛായ വീണ്ടെടുക്കാനാകും. |

(signed)

**സെക്ഷൻ ഓഫീസർ**